പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5594 — 24/05/2017-ൽ മറുപടിയ്ക്ക്

# ജനറിക് മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ജനറിക് മരുന്നുകൾ ഗുണനിലവാരം കുറഞ്ഞ മരുന്നുകളാണെന്ന പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും | ജനറിക് മരുന്നുകൾ പൊതുവെ ഗുണനിലവാരം കുറഞ്ഞതാണെന്നത് തെറ്റിദ്ധാരണാ ജനകമായ ഒരു പ്രചരണം മാത്രമാണ്. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്റ്റ്സ് & റൂൾസിലെ മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ ഏതൊരു മരുന്നും (ജനറിക്/ ബ്രാൻഡഡ്) നിർമ്മിച്ച് വില്പന/ വിതരണം നടത്തുവാൻ സാധിക്കുകയുള്ളൂ. ജനറിക് മരുന്നുകളുടെ നിർമ്മാണ പ്രക്രിയയ്ക്കോ, ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾക്കോ പ്രത്യേക ഇളവുകൾ നിയമത്തിൽ നിഷ്കർഷിക്കുന്നില്ല. നിലവിൽ വിപണിയിൽ ലഭ്യമായിട്ടുള്ള ജനറിക് മരുന്നുകളുടെയും, ബ്രാൻഡഡ് മരുന്നുകളുടെയും റാൻഡം സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. |
| ബി) | ഇതിന്റെ യഥാർത്ഥ വസ്തുത ജനങ്ങളിലെത്തിയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ